# ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 27.07.2023

നമ്പർ. L1/10454/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലെ ലാബ് / വർക്ക്ഷോപ്പ് തസ്തികകളുടെ വിവരം - സംബന്ധിച്ച്

സൂചന :- _____________

ഈ വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ ലാബ് / വർക്ക്ഷോപ്പ് തസ്തികകളുടെ (ട്രേഡ് ടെക്നീഷ്യൻ (ട്രേഡ്സ്മാൻ) / ട്രേഡ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ അനുബന്ധ തസ്തികകൾ / ഇൻസ്ട്രക്ടർ ഗ്രേഡ് I) അപര്യാപ്തതയുണ്ടെന്നും അത് പരിഹരിക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കണം എന്നും വിവിധ സ്ഥാപനമേധാവികൾ ആവശ്യമുന്നയിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലെയും ലാബ് / വർക്ക്ഷോപ്പ് തസ്തികകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖാന്തിരം പരിശോധന നടത്തി ചുവടെ പറയുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ഈ ഓഫീസിലേക്ക് ലഭ്യമാക്കുവാൻ എല്ലാ സ്ഥാപനമേധാവികളോടും നിർദ്ദേശിക്കുന്നു.

1) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ ബ്രാഞ്ചിലേക്കും ആവശ്യമായ വിവിധ ലാബ് / വർക്ക്ഷോപ്പ് തസ്തികകളുടെ എണ്ണം (ബ്രാഞ്ച് / ട്രേഡ് തിരിച്ച്).
2) ഓരോ ബ്രാഞ്ചിലും നിലവിൽ അനുവദിച്ചിട്ടുള്ള വിവിധ ലാബ് / വർക്ക്ഷോപ്പ് തസ്തികകളുടെ എണ്ണം (ബ്രാഞ്ച് / ട്രേഡ് തിരിച്ച്).
3) ഓരോ ബ്രാഞ്ചിലും നിലവിൽ അനുവദിച്ചിട്ടുള്ളതിന് ഉപരിയായി അപര്യാപ്തതയുള്ള (അധികമായി ആവശ്യമുള്ള) തസ്തികകളുടെ എണ്ണം (ബ്രാഞ്ച് / ട്രേഡ് തിരിച്ച്).
4) ഓരോ ബ്രാഞ്ചിലും നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ സ്ഥാപനത്തിൽ ആവശ്യമില്ലാത്ത (അധികമായുള്ള) തസ്തികകളുടെ എണ്ണം (ബ്രാഞ്ച് / ട്രേഡ് തിരിച്ച്).
5) മേൽപ്പറഞ്ഞ ഓരോ തസ്തികകളുടെയും ജോലി സ്വഭാവവും ചുമതലകളും.
6) ഓരോ സ്ഥാപനത്തിലും മേൽപ്പറഞ്ഞ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഓരോ ജീവനക്കാർക്കും നിശ്ചയിച്ച് നല്കിയിട്ടുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും.
7) മേൽപ്പറഞ്ഞ ഓരോ തസ്തികകൾക്കും നിശ്ചയിച്ചിട്ടുള്ള ആഴ്ചയിലെ ജോലിഭാരം.

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1) വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾമാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 27.07.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #2 of File L1/10454/23/DTE Approved by Director (in-charge) on 27-Jul-2023 03:13 PM - Page 1